# അക്കാദമിക് മാസ്റ്റർ പ്ലാൻ




# ഗവ: കെ.വി.എൽ.പി സ്ക്കൂൾ

എൻ. പറവൂർ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. കുമാരവിലാസം എൽ. പി സ്കൂൾ, എൻ. പറവൂർ |
| വിലാസം | : മന്നം.പി.ഒ, എൻ. പറവൂർ എറണാകുളം 683520 |
| ഫോൺ | : 0484 2447815 |
| സ്കൂൾ കോഡ് | : 25813 |
| വിദ്യാഭ്യാസ ഉപജില്ല | : എൻ പറവൂർ |
| വിദ്യാഭ്യാസ ജില്ല | : ആലുവ |
| റവന്യൂ ജില്ല | : എറണാകുളം |
| ബിആർസി | : എൻ. പറവൂർ |
| സിആർസി | : ഗവ. ടൗൺ മോഡൽ എൽ പി സ്കൂൾ,എൻ പറവൂർ |
| മുനിസിപ്പാലിറ്റി | : എൻ. പറവൂർ |
| നിയമസഭ മണ്ഡലം | : എൻ. പറവൂർ |
| താലൂക്ക് | : എൻ. പറവൂർ |
| വില്ലേജ് | : എൻ. പറവൂർ |
| ഇ. മെയിൽ | : gklvpsparavur@gmail.com |

Asst. Educational Officer
N. Paravur

## പ്രസ്താവന

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മാർഗരേഖ പ്രകാരം സ്ക്കൂളിന്റെ സമഗ്രമായ വികാസത്തെ മുന്നിൽകണ്ടുകൊണ്ട്, സമഗ്ര ഗുണമേൻമ വിദ്യാഭ്യാസത്തെ ലക്ഷ്യമാക്കിയുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ വിദ്യാലയത്തിന്റെ 5 വർഷത്തെ സർവ്വതോൻമുഖമായ വികസനത്തെ ലക്ഷ്യമാക്കികൊണ്ട് സാമൂഹിക പങ്കാളിത്തത്തോടെ മികച്ച വിദ്യാലയം - മികച്ച വിദ്യാഭ്യാസം എന്ന നേട്ടം കൈവരിക്കുകയാണ് ലക്ഷ്യം.

## ആമുഖം

പറവൂർ നഗരസഭയുടെ പരിധിയിൽ ഉൾപ്പെടുന്ന വെടിമറ എന്ന പ്രദേശത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ചരിത്രപരമായ പ്രാധാന്യമേറുന്ന ഒരു നാടാണിത്. പണ്ട് ടിപ്പു സുൽത്താന്റെ പടയോട്ടക്കാലത്ത് വെടിക്കോപ്പുകൾ സൂക്ഷിച്ചിരുന്ന സ്ഥലമായതുകൊണ്ടാണ് ഇവിടെ വെടിമറ എന്ന പേരു വന്നത്. പാലിയം കൊട്ടാരം, ജൂതപ്പള്ളി എന്നിവ ഈ പ്രദേശത്തിനടുത്തുള്ള ചരിത്രപ്രാധാന്യമേറിയ സ്ഥലങ്ങളാണ്.

## വിദ്യാലയത്തിന്റെ ചരിത്രം

1921 ൽ ചെറിയ ഒരു ഓല ഷെഡിലാണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. കുമാരവിലാസം ലോവർപ്രൈമറി സ്ക്കൂൾ എന്നായിരുന്നു പേര്. അന്ന് സമീപ പ്രദേശത്ത് മറ്റ് വിദ്യാലയങ്ങൾ ഇല്ലാത്തതിനാൽ കുട്ടികളുടെ എണ്ണം വളരെ കൂടുതലും അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവുമായിരുന്നു. ഓലമേഞ്ഞ മേൽക്കൂരയും പനമ്പുകൊണ്ടുള്ള മറകളുമുള്ള ക്ലാസ്സ് മുറികളുമായിരുന്നു. ഈഴവസമാജം സഭയുടെ കീഴിലായിരുന്നു സ്ക്കൂൾ പ്രവർത്തിച്ചിരുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ കുറവുമൂലം ഷിഫ്റ്റ് സമ്പ്രദായത്തിലായിരുന്നു പ്രവർത്തനം. പരിമിതികൾ ഏറെയുണ്ടായിരുന്നെങ്കിലും സ്തുത്യർഹമായ അദ്ധ്യാപകരുടെ സേവനം എടുത്തുപറയേണ്ടതാണ്. തുടർന്ന് 1942 ൽ സ്ക്കൂൾ സറണ്ടർ ചെയ്തു. ക്രമേണ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി. ഓരോ ക്ലാസ്സും 6 ഡിവിഷനുകൾ വീതം ഉണ്ടായിരുന്നു. സ്ക്കൂളിൽ ശൗചാലയം ഉണ്ടായിരുന്നില്ല. അദ്ധ്യാപകരുടേയും നാട്ടുകാരുടേയും ശ്രമഫലമായി ഒരു ശൗചാലയം

ഉണ്ടാക്കി. സ്ക്കൂളിന് പാചകപ്പുര ഉണ്ടായിരുന്നില്ല. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് സൗകര്യങ്ങൾ വളരെ അപര്യാപ്തമായ ഒരു അവസ്ഥയായിരുന്നു. ഈ വിദ്യാലയത്തിൽ നിന്നു പഠിച്ചു പോയ ഒട്ടേറെ വിദ്യാർത്ഥികൾ പല തലങ്ങളിലും പ്രഗത്ഭരായി തീർന്നിട്ടുണ്ട്.

1971 ൽ സ്ക്കൂളിന് ഓഫീസ് മുറിയും കൊടിമരവും ഉണ്ടാക്കി. 1996 ൽ അദ്ധ്യാപകരുടേയും പി.ടി.എ യുടേയും നാട്ടുകാരുടേയും ശ്രമഫലമായി ഒരു ഓഡിറ്റോറിയം പണിയാൻ കഴിഞ്ഞു.

## അക്കാദമികം- നേട്ടങ്ങൾ

രണ്ട് വർഷങ്ങളിൽ എൽ.എസ്.എസ് സ്ക്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്. പ്രീ പ്രൈമറി തലം മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ഓരോ ദിനാചരണത്തിനും കയ്യെഴുത്തു മാസിക പ്രകാശനം ചെയ്യുന്നത്.

## അക്കാദമികം - പരിമിതികൾ

വിവിധ തലങ്ങളിലെ അക്കാദമിക മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. ഇംഗ്ലീഷ് ഭാഷാശേഷി വികസിപ്പിക്കേണ്ടതുണ്ട്. കലാ കായിക പ്രവർത്തി പരിചയ പരിശീലനത്തിന് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടതുണ്ട്. വിവിധ മത്സര പരീക്ഷകളിൽ കുട്ടികളുടെ മികവ് വർദ്ധിപ്പിക്കേണ്ടതുണ്ട്. സ്ക്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി കുറേക്കൂടി പ്രവർത്തനം കാര്യക്ഷമമാക്കണം.

## ഭൗതികം- സ്ക്കൂളിന്റെ ഇപ്പോഴത്തെ അവസ്ഥ

പറവൂർ നഗരസഭയുടെ പരിധിയിൽപ്പെടുന്ന ഈ വിദ്യാലയത്തിന്റെ പേര് പറവൂർ നഗരസഭ ഗവൺമെന്റ് കുമാരവിലാസം എൽ. പി സ്ക്കൂൾ എന്നാണ്. കുട്ടികൾക്കാവശ്യമായ ക്ലാസ്സ് മുറികൾ ഉണ്ട്. ആൺകുട്ടികൾക്കു പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യം ഉണ്ട്. കമ്പ്യൂട്ടർ റൂമും 3 കമ്പ്യൂട്ടറുകളും ഉണ്ട്. കുട്ടികൾക്ക് വായനാമുറിയും ആവശ്യമായ വായനാ സൗകര്യവും ഉണ്ട്. മുൻവശം ടൈൽ വിരിച്ച് മനോഹരമാക്കിയിട്ടുണ്ട്. ഒരു ജൈവ വൈവിധ്യ ഉദ്യാനവും ഉണ്ട്. കുടിവെള്ള സൗകര്യം വൃത്തിയുള്ള പാചകപ്പുര ഇവ ഉണ്ട്. കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നതായ ഈ സാഹചര്യത്തിൽ സ്ക്കൂളിൽ 1997 ൽ ഒരു പ്രീ

പ്രൈമറി ആരംഭിച്ചു. ഒരു ടീച്ചറേയും ആയയേയും നിയമിച്ചു. എന്നാൽ സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിലെ പി.ടി.എ യ്ക്ക് അതു നടത്തിക്കൊണ്ടുപോകാൻ ബുദ്ധിമുട്ടു നേരിട്ട സാഹചര്യത്തിൽ 2003 ൽ അതു നിർത്തിവെക്കേണ്ടതായ സാഹചര്യം നേരിട്ടു. തുടർന്ന് 2013 ൽ പി.ടി.എ തീരുമാനപ്രകാരം പ്രീ പ്രൈമറി അംഗീകരിച്ച് പുനരാരംഭിക്കുന്നതിനും ടീച്ചർക്കു ആയയ്ക്കും ഓണറേറിയം അനുവദിച്ചു തരുന്നതിനും ബഹുമാനപ്പെട്ട പറവൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ അനുമതി ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല. തുടർന്ന് 2013 ൽ വീണ്ടും പ്രീപ്രൈമറി ആരംഭിച്ചു. ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ഒരു ടീച്ചറും ആയയും ജോലി ചെയ്യുന്നുണ്ട്. എന്നാൽ സർക്കാറിൽ നിന്ന് ഓണറേറിയം ലഭിക്കാത്തതിനാൽ സാമ്പത്തികമായ വളരെ പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ പ്രീപ്രൈമറിയുടെ പ്രവർത്തനം ആശങ്കാജനകമാണ്.

## പരിമിതികൾ ഇനിയും മെച്ചപ്പെടേണ്ടവ

സ്ക്കൂളിന് ആകർഷകമായ 16 ക്ലാസ്സ് മുറികളോടുകൂടിയ ഒരു ഇരുനില കെട്ടിടം വേണം. ആകർഷകമായ ചുറ്റുമതിൽ, കവാടം ഇവ വേണം. ഭോജന ശാലയും വിശാലമായ അടുക്കളയും ജൈവവൈവിദ്ധ്യ പാർക്കും . കിഡ്സ് പാർക്കും വേണം. കളിസ്ഥലം സൗകര്യപ്രദമാക്കണം.

ഹൈടെക് സംവിധാനത്തോടെ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജമാക്കണം. ലൈബ്രറി, ലാബ് എന്നിവ സജ്ജമാക്കണം. കുട്ടികൾക്ക് മാനസിക ഉല്ലാസത്തിന് ഉതകുന്ന കളി സൗകര്യങ്ങളോടുകൂടിയ പ്രീപ്രൈമറി ക്ലാസ്സുകൾ വേണം. പ്രീ പ്രൈമറി ടീച്ചർക്കും ആയയ്ക്കും ഓണറേറിയം അനുവദിക്കണം. വാഹന സൗകര്യം ഒരുക്കണം.

**സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം**

| | |
|---|---|
| പ്രീപ്രൈമറി | : 20 |
| 1 മുതൽ 4 വരെ | : 34 |
| ആകെ കുട്ടികൾ | : 54 |

**ജീവനക്കാരുടെ വിവരം**

| | |
|---|---|
| അദ്ധ്യാപകർ | : 5 |
| പ്രീപ്രൈമറി വിഭാഗം | : 2 |
| പി.ടി.സി.എം | : 1 |
| ആകെ | : 8 |

## ലക്ഷ്യങ്ങൾ

1. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന്.
2. സ്വന്തം ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നതിന്.
3. രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ.
4. ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക.
5. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കുക.
6. ഒരു സാഹിത്യരൂപതത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റൽ.
7. അവതരണ മികവുകൾ.
8. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.
9. ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ.
10. ഇംഗ്ലീഷ് സർഗാത്മക രചനകൾ നടത്തതിനുള്ള ശേഷി കൈവരിക്കൽ.
11. വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവുനേടൽ.
12. കളികളിലൂടെയുള്ള ഭാഷ പഠനം.
13. ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ.
14. ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം.
15. ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവിണ്യം നേടൽ.
16. വിവിധ ശേഷികളുടെ വികസനം.
17. രസകരമായ ശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസം.
18. ഗണിത പഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ.
19. ശാസ്ത്രപ്രവർത്തനമാണെന്ന് മനസ്സിലാക്കുക.
20. പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന്.
21. സമകാലിക അറിവുകളെ അപ്ഡേറ്റ് ചെയ്യൽ.
22. കലാവിദ്യാഭ്യാസത്തിൽ പ്രാവിണ്യം നേടൽ.
23. കായിക പരിശീലനം കാര്യക്ഷമമാക്കൽ.
24. ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ.
25. കാർഷിക സംസ്കൃതി വീണ്ടെടുക്കൽ.
26. പ്രകൃതിയെ അടുത്തറിയാൻ അവസരം കൊടുക്കുക.
27. കുട്ടികളുടെ പഠനം മെച്ചപ്പെടുത്തൽ.
28. ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം.
29. കവികളെയും കവിതകളെയും പരിചയപ്പെടാൻ അവസരമൊരുക്കൽ.
30. പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ.
31. ഭാഷനൈപുണി കൈവരിക്കൽ.

32. കുട്ടികളെ വായനയിൽ താൽപര്യം വർദ്ധിപ്പിക്കൽ
33. മലയാളത്തിൽ ഉച്ചാരണശുദ്ധി പരിപോഷിപ്പിക്കുന്നതിന്.
34. ലഘുമലയാളം വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ.
35. പൊതുവേദിയിലെ പ്രകടനം മെച്ചപ്പെടുത്തൽ.
36. ഇതരസംസ്ഥാനക്കാരായ കുട്ടികൾക്ക് പ്രത്യേക പരികണന.
37. ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രധാനം ചെയ്യൽ.
38. മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ.
39. കൃഷി അറ്റകുറ്റപ്പണി തുടങ്ങിയവ കാര്യക്ഷമമാക്കൽ.
40. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ.
41. ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനംചെയ്യൽ.
42. ശുചിത്വമുള്ള അന്തരീക്ഷമൊരുക്കൽ.
43. ശുചിതിവം+ ആരോഗ്യം+ പഠനം.
44. കുട്ടികളെ പ്രകൃതിയുടെ കൂട്ടുകാരാക്കുക.പരിസ്തിതി സംരക്ഷണ പ്രവർത്തമങ്ങളിൽ തൽപ്പരരാക്കുക.
45. ആരോഗ്യകായിക വനോദഉപാധികൾ ഒരുകൽ.
46. ഭൗതികസൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ.
47. വിദ്യാലയപ്രവർത്തനങ്ങളിൽ നുതിർന്ന തവമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്ന.
48. സമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ.
49. സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ.
50. സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ.
51. സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ നവാഗതർ ആകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം.
52. സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ.
53. ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കുന്നതിന്.

## ലക്ഷ്യങ്ങൾ

- സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന ഉറപ്പ് നൽകും.
- നാലാം ക്ലാസ്സിൽ നിന്നും പോകുന്ന കുട്ടികൾ ഭാഷാ, ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിൽ കൈവരിക്കേണ്ടതായ എല്ലാ ശേഷികളും കൈവരിച്ചു എന്നു ഉറപ്പാക്കും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവുകൾ പരമാവധി പരിപോഷിപ്പിച്ച് അവരെ മികച്ച നിലവാര ത്തിലേക്ക് എത്തിക്കും.
- അഞ്ചു വർഷം കൊണ്ട് വിദ്യാലയത്തെ ഈ പ്രദേശത്തെ ഏറ്റവും മികച്ച വിദ്യാലയത്തിന്റെ നിലവാരത്തിലേക്ക് ഉയർത്തും.

## അക്കാദമികം

**ലക്ഷ്യം**

നാലാം ക്ലാസിൽ നിന്നും പോകുന്ന കുട്ടികൾ അക്കാദമിക് തലത്തിൽ നേടേണ്ട എല്ലാ ശേഷികളും നേടിയെന്ന് ഉറപ്പുവരുത്തും (ഭാഷാ, ഗണിതം, ശാസ്ത്രം)

### പ്രവർത്തനം-1

**പേര്** : അക്ഷരതെളിച്ചം

**ഉപമേഖല** : മാതൃഭാഷയിലെ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|---|
| അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന് | അക്ഷരവണ്ടി<br>അക്ഷരക്കളി<br>അക്ഷരച്ചക്രം | | ഒരു മാസം (എല്ലാ ദിവസവും) | എല്ലാ ടീച്ചർമാർക്കും | |

### പ്രവർത്തനം:2

**പേര്** : സർഗാത്മകത

**ഉപമേഖല** : വാചികശേഷി വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| സ്വന്തം ആശയങ്ങൾ വാചികമായി പ്രകടിപ്പിക്കുന്നതിന് | നാടൻപാട്ട്<br>കവിത<br>കഥ<br>ശിൽപശാല | പ്രതിമാസ പരിപാടി | | |

**പ്രവർത്തനം-3**

പേര്   : എന്റെ രചന

ഉപമേഖല: ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| രചനകൾ നവ മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്ക്കൂൾ നോട്ടീസ് ബോർഡ്, ബാല പ്രസിദ്ധീകരണങ്ങളിൽ ചേർക്കൽ | പ്രതിമാസ പരിപാടി | എല്ലാ ടീച്ചർമാർക്കും | |

**പ്രവർത്തനം-4**

പേര്   : സർഗ്ഗവിരുന്ന്

ഉപമേഖല: ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുനേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്ക്കൂളിലെത്തിക്കൽ. അവരുടെ വായന എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടുപ്രാവശ്യം | പിടിഎ | |

## പ്രവർത്തനം-5

പേര് : ഗ്രന്ഥശാലാ

ഉപമേഖല: ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ വ്യക്തികളിൽ നിന്നും സന്നദ്ധസംഘടനകളിൽനിന്നും കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. വികരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ. അധ്യാപകരുടെ വക പുസ്തകങ്ങൾ സമ്മാനിക്കൽ | വർഷത്തിൽ രണ്ടുപ്രാവശ്യം | എല്ലാ ടീച്ചർമാർക്കും | |

## പ്രവർത്തനം-6

പേര് : റേഡിയോ പ്രോഗ്രാം

ഉപമേഖല: ഭാഷാശേഷികളുടെ വികസനം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യനോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം | മൂന്നുമാസത്തിലൊരിക്കൽ | അധ്യാപകർ എസ് എം സി | |

## പ്രവർത്തനം-7

പേര്:- സർഗ്ഗശേഷി വികാസം

ഉപമേഖല:- ഭാഷയുടെ പ്രകടനപാത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| അവതരണമികവ് | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോയിൽ നിന്നും എല്ലാ ക്ലാസിലും ക്രമീകരിച്ചിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിച്ചു സമയത്ത് റേഡിയോ പ്രക്ഷേപണം കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവും ഒഴിവു സമയങ്ങളിൽ | അധ്യാപകർ | |

## പ്രവർത്തനം-8

പേര് :- ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല:- ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ച്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ച്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം-9

പേര്:- ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല:- ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനുമുമ്പാകെ അവതരിപ്പിക്കൽ | പ്രതിമാസ പരിപാടി | എച്ച് എം അധ്യാപകൻ | |

## പ്രവർത്തനം-10

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല :ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചനകൾ നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഒരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ | പ്രതിമാസ പരിപാടി | എച്ച് എം &മറ്റു അധ്യാപകർ | 1200 പിടിഎ ഫണ്ട് |

## പ്രവർത്തനം-11

പേര് :വ്യാകരണ മിത്രം

ഉപമേഖല :ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവു നേടൽ | ഒഴിവു സമയങ്ങളിൽ വ്യാകരണത്തിനു പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 20 ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം-12

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്ന കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർക്ക് | |

**പ്രവർത്തനം-13**

പേര് :- ഇംഗ്ലീഷ് കോർണർ

ഉപമേഖല :- ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതു സ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ളബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർക്ക് | പി.ടി.എ. |

**പ്രവർത്തനം-14**

പേര് : എന്റെ പിറന്നാൾ സമ്മാനം

ഉപമേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ക്ലാസ്സ് ലൈബ്രറിയുടെ നവീകരണം | ക്ലാസ്സ് ടീച്ചറും കുട്ടികളും രക്ഷിതാക്കളും ജന്മദിനത്തിൽ ഒരുപുസ്തകം വീതം ക്ലാസ്സ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ ക്ലാസ്സ് ലീഡർ | |

## പ്രവർത്തനം-15

പേര് :സമ്മർ ഗ്രാമർ സ്ക്കൂൾ

ഉപമേഖല: അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഇംഗ്ലീഷ് വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | പൂർവ്വ അധ്യാപകരെ പ്രയോജനപ്പെടുത്തി മധ്യവേനൽ അവധി ക്കാലത്ത് ഒരാഴ്ച്ച നീണ്ടു നിൽക്കുന്ന ഇംഗ്ലീഷ് വ്യാകരണ പരിശീലനം | അവധി ദിവസങ്ങൾ | എസ് എസ് ജി | |

## പ്രവർത്തനം-16

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി യിൽ രൂപപ്പെടുത്തുന്നു.നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | അധ്യാപകർ | |

## പ്രവർത്തനം:-17

പേര് : ജോമെട്രിക്കൽ ശില്പശാല

ഉപമേഖല: അക്കാദമികം/ഗണിതശേഷികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| രസകരമായ ശാസ്ത്രപഠനവും കരചലനശേഷികളുടെ വികാസം | ജോമെട്രിക്കൽ ചാർട്ട് ജോമെട്രക്കൽ പാറ്റേൺ മറ്റു ഗണിത പ്രവർത്തനങ്ങളിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടിക പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | മൂന്നു മാസത്തിലൊരിക്കൽ | അധ്യാപകർ പി.ടി.എ | |

## പ്രവർത്തനം:-18

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല: അക്കാദമികം/ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ലാബിൽ വെച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | അധ്യാപകർ പി.ടി.എ. | |

പ്രവർത്തനം:- 19

പേര്:- മേളകൾ

ഉപമേഖല അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ശാസ്ത്ര പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്ക്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാ തലത്തിൽ പരമാധികാര പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 3000 |

പ്രവർത്തനം:- 20

പേര്:- പഠനയാത്ര

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുക്കൾ ഗ്രഹിക്കുന്നതിന് | ജൈവ പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ ഒരു പ്രാവശ്യം | പിടിഎ | 5000(പിടിഎ) |

**പ്രവർത്തനം:- 21**

പേര്:- ബുള്ളറ്റിൻ ബോർഡ്

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| സമകാലിക അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | എല്ലാ ടീച്ചർമാർക്കും | 250/(പിടിഎ) |

**പ്രവർത്തനം:- 22**

പേര്:- അവധിക്കാലം

ഉപമേഖല അക്കാദമികം/കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| കലാ വിദ്യാഭ്യാസത്തിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന പരിശീലനം | മദ്ധ്യ വേനൽ അവധിക്കാലം 5 ദിവസം | എസ് ആർ ജി | |

## പ്രവർത്തനം:– 23

പേര്:- കായിക പരിശീലനം

മേഖല അക്കാദമികം/കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനവും കുട്ടികൾക്ക് ലഘുഭക്ഷണവും നൽകൽ | ആഴ്ച്ചയിൽ 3 ദിവസം | എല്ലാ അദ്ധ്യാപകരും | 10000 (സ്പോൺസർഷിപ്പ്) |

## പ്രവർത്തനം:– 24

പേര് : മെഡിക്കൽ ക്യാമ്പ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്ക് സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ രണ്ടു വീതം | എച്ച് എം | |

പ്രവർത്തനം:- 25

പേര് :പച്ചക്കറിത്തോട്ടം

മേഖല :അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷക മായ വിധത്തിൽ പച്ച ക്കറിത്തോട്ടം ഉണ്ടാ ക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി എസ് എസ് ജി | 1000 സ്പോണ്ടസർ ഷിപ്പ് കൃഷി വകുപ്പ് |

പ്രവർത്തനം:- 26

പേര് : ജൈവ വൈവിധ്യ പാർക്ക്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരു ക്കുക. | സ്ക്കൂളിൽ സൗകര്യ പ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് ഒരുക്കൽ | ഒരുപ്രാ വശ്യം | എസ് ആർ ജി | |

## പ്രവർത്തനം:- 27

പേര് : ക്ലാസ്സ് പിടിഎ സജീവമാക്കൽ

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| കുട്ടികളുടെ പഠനം മെച്ചപ്പെടുത്തൽ | സി പി ടി എ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ,മികവുകളുടെ അവതരണം, പൊതു ചർച്ച, കോർണർ പിടിഎ | പ്രതി മാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം:- 28

പേര്:- പോഷകാഹാര പരിപാടി

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ച്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽക്കൽ, വിദ്യാ പോഷണം പോഷക സമൃദ്ധം പരിപാടിയുടെ ഭാഗമായി മെനുവിൽ മത്സ്യം മാംസം ഉൾപ്പെടുത്തൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ എച്ച് എം. പിടിഎ | എം പി ഫണ്ട് |

പ്രവർത്തനം:– 29

പേര്:- കവികൾ കവിതകൾ

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| കവികളെയും കവി തകളെയും പരിചയ പ്പെടാൻ അവസര മൊരുക്കൽ | കുട്ടികൾക്ക് കവികളുടെ പേരുകൾ നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിച്ചിരിക്കുന്നഒരു കവി യുടെ കവിതയും കവി യുടെ ലഘു ജീവചരിത്ര ക്കുറിപ്പ് തയ്യാറാക്കണം. പുസ്തകരൂപത്തിൽ പ്രസി ദ്ധീകരിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ് എസ് ജി | 200 |

പ്രവർത്തനം:– 30

പേര്:- പ്രാദേശികാഹാരം

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| പ്രാചീന നാടൻ ഭക്ഷണങ്ങൾ പരി ചയപ്പെടൽ | പ്രാദേശികമായി നിലവി ലുണ്ടായിരുന്നപ്രാചീന പാനീയങ്ങൾ, പലഹാര ങ്ങൾ, ആഹാര സാധന ങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിയണം. ഓരോന്നും പാകം ചെയ്യു ന്നവിധം, അതിൽ ചേർക്കുന്ന വസ്തുക്കൾ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് എസ് ജി | |

## പ്രവർത്തനം:- 31

പേര് : പത്ര നിർമ്മാണം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഭാഷാ നൈപുണി കൈവരിക്കൽ | ആഴ്ച്ചയിൽ ഒരു ദിവസം ക്ലാസ്സിൽ നിന്നും ഒരു പത്രം തയ്യാറാക്കി അസംബ്ലിയിൽ പ്രകാശനം ചെയ്യൽ | ആഴ്ച്ചയിൽ 1 വീതം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം:- 32

പേര്:- വായനാ രജിസ്റ്റർ

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| കുട്ടികളെ വായനയിൽ താല്പര്യം വർദ്ധിപ്പിക്കാൻ | കുട്ടികളുടെ നിലവാരത്തിലുള്ള പുസ്തകങ്ങൾ നൽകുന്നു. ഒരു കുട്ടിക്ക് ഒന്നോ രണ്ടോ പേജ് വയ്ക്കുന്നു. ഓരോരുത്തരുടേയും പേരെഴുതുന്നു. ഒരു കഥ വായിച്ചു കഴിയുമ്പോൾ കുട്ടി കഥയുടെ പേര് തന്റെ പേജിൽ എഴുതുന്നു. | ആഴ്ച്ചയിൽ 1 വീതം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം:– 33

പേര് : വായനാത്തിളക്കം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| മലയാളത്തിലെ ഉച്ചാരണ ശുദ്ധി പരിപോഷിപ്പിക്കുന്നതിന് | മാത്രകാ വായന (അധ്യാപിക)ഐസിടി സാധ്യതാ പ്രയോജനപ്പെടുത്താം. വായനാച്ചങ്ങല വായന കാർഡുകൾ കുട്ടി സ്വയം നിർമ്മിക്കുന്നു. വായിക്കുന്നു. നാടൻ പാട്ടുകളുടെ അവതരണം | 1 വർഷം കാലം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം:– 34

പേര്:- വ്യാകരണ മിത്രം

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ലഘു മലയാളം വ്യാകരണ പാഠങ്ങളിൽ പ്രാവീണ്യം നേടൽ | ഭാഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ഒരു വർഷം മുഴുവനും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം:- 35

പേര്:- സർഗ്ഗാത്മകത

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| പൊതു വേദിയിലെ പ്രകടനം മെച്ചപ്പെടുത്തൽ | കുട്ടികളിലെ ഭയം സഭാകമ്പം മാറ്റുന്നതിന് അസംബ്ലി റേഡിയോ ക്ലബ്ബ്,സർഗ്ഗവേള എന്നിവ സംഘടിപ്പിക്കുന്നു. | എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം:-36

പേര്:- എന്റെ മലയാളം

ഉപമേഖല അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| ഇതര സംസ്ഥാനക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന | ഇതര സംസ്ഥാനക്കാരായ കുട്ടികളെമലയാള ഭാഷാ സ്വായത്തമാക്കുന്നതിനായി പ്രത്യേക ശ്രദ്ധ നൽകി മലയാളത്തിൽഎഴുതുവാനും വായിക്കാനും പ്രാപ്തരാക്കുക. | ദൈനംദിനം | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം: 37

പേര് : ലഹരി വിമുക്ത വിദ്യാലയം

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ മുള്ള ശരീ രവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | ബോധവത്ക്കരണ ക്ലാസ്സുകൾ ലഹരി വിമുക്ത ബോധവത്ക്ക രണ റാലികൾ, പോസ്റ ററർ രചന ലഹരി ഉപയോ ഗത്തിന്റെ ദോഷ ഫല ങ്ങൾ ബോധ്യപ്പെടു ത്തുന്ന തരത്തിലുള്ള തരത്തിലുള്ളചിത്ര പ്രദർശനവും സിനിമാ പ്രദർശനവും | 3 മാസത്തി ലൊരിക്കൽ | എല്ലാ ക്ലാസ്സ് ടീച്ചർമാർക്കും | |

## പ്രവർത്തനം 38

പേര് : ബയോഗ്യാസ് പ്ലാന്റ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജ മാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാ കുന്ന ജൈവ മാലിന്യങ്ങളെ ബയോ ഗ്യാസ് പ്ലാന്റിൽ നിക്ഷേ പിച്ച് പാചകാവശ്യത്തി നുള്ള ഊർജ്ജം കണ്ടെ ത്തൽ | 1 വർഷം | പി.ടി.എ ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം (നഗര സഭ) |

**പ്രർത്തനം 39**

പേര് : ടൂൾകിറ്റ്, പണിയായുധങ്ങൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി, അറ്റകുറ്റപണി തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി ജലവിതരണം പച്ചക്കറി കൃഷി കമ്പ്യട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുനന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | പി.ടി.എ (സ്റ്റാഫ് സെക്രട്ടറി) | 10000/- പി.ടി.എ |

**പ്രവർത്തനം 40**

പേര് : ടൂൾകിറ്റ്, പണിയായുധങ്ങൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | ഓഡിറ്റോറിയത്തിനുമുകളിൽ സോളാർ പാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | പി.ടി.എ | 5 ലക്ഷം (നഗരസഭ) |

## പ്രവർത്തനം 41

പേര് : യോഗ പരിശീലനം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രധാനം | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗപരിശീലനത്തിനുവേണ്ടി സജ്ജമാക്കൽ | ആഴ്ച്ചയിൽ ഒന്നു വീതം | പിടിഎ | |

## പ്രവർത്തനം 42

പേര് : മാലിന്യവിമുക്തവിദ്യാലയം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ | 1 വർഷം | എസ് എസ് | 1 ലക്ഷം (നഗരസഭ) |

## പ്രവർത്തനം 43

പേര് : ഡൈനിംഗ് ഹാൾ വിത്ത് കിച്ചൺ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം, പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായരീതിയിൽ ഡൈനിംഗ് ഹാളും കിച്ചണും ഒരുക്കൽ | രണ്ടു വർഷം | പി.ടി.എ എസ് എൽ ജി ഡി | 10 ലക്ഷം (എം.പി ഫണ്ട്) |

**പ്രവർത്തനം 44**

പേര് : ചിത്രശലഭ പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ പ്രകൃതിയുടെ കൂട്ടുകാരാക്കുക. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽതൽപരരാക്കുക. | ജൈവ വൈവിദ്ധ്യം മനസ്സിലാക്കി പൂമ്പാറ്റകളെ ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള ചെയികൾ നട്ടു പിടിപ്പിച്ച് പൂമ്പാറ്റ പാർക്ക് ഉണ്ടാക്കുന്നത്. | 1 വർഷം | എല്ലാ ടീച്ചർമാർക്കും | |

**പ്രവർത്തനം 45**

പേര് : ചിൽഡ്രൻസ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിനുമുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ | ഒരു വർഷം | എൽ എസ് ജി | 2 ലക്ഷം |

പ്രവർത്തനം 46

പേര് : പുതിയ സ്ക്കൂൾ കെട്ടിടം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗതിക സൗകര്യമൊരുക്കി അക്കാദമിക് പ്രവർത്തനം കാര്യക്ഷമമാക്കൽ | ആകർഷണീയമായ വിധത്തിൽ സ്ക്കൂളിന് കെട്ടിടം , കവാടം എന്നിവ സജ്ജമാക്കൽ | 1 വർഷം | പി.ടി.എ | എം.എൽ.എ / എം. പി. ഫണ്ട് 50 ലക്ഷം |

പ്രവർത്തനം 47

പേര് : വയോജനക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർത്തനങ്ങളിൽ മുതിർന്ന തലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നു | വിദ്യാലയപരിസരത്ത് താമസിക്കുന്ന 80 വയസ്സിനു മുകളിൽ പ്രായമുള്ളവരെ അതിഥികളായി സ്ക്കൂളിലേക്ക് ക്ഷണിക്കുന്നു. നിശ്ചിത ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ കുട്ടികൾ ആശയവിനിമയം നടത്തുന്നു. | വർഷത്തിൽ ഒരിക്കൽ | പിടിഎ | |

<u>പ്രവർത്തനം 48</u>

പേര് : പ്രാദേശിക പിടിഎ യോഗങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് പിടിഎ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് എസ് ജി | |

<u>പ്രവർത്തനം 49</u>

പേര് : സ്ക്കൂൾ കലണ്ടർ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്ക്കൂൾ മികവുകൾ സമൂഹവുമായി പങ്കുവെക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സ്ക്കൂൾ കലണ്ടർ തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി. പിടിഎ | |

പ്രവർത്തനം 50

പേര് : പൂർവ്വഅദ്ധ്യാപകസംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വ അദ്ധ്യാപ കരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തി ലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10,000(സ്പോ ൺസർഷിപ്പ്) |

പ്രവർത്തനം 51

പേര് : ബാലോത്സവം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹപങ്കാ ളിത്തം ഉറപ്പാ ക്കൽ നവാഗത രാകേണ്ട വർക്ക് വിദ്യാല യത്തെ അറി യാൻ അവ സരം | വിദ്യാലയത്തിന്റെ പരി സരത്തുള്ള അംഗന വാടിയിലെകുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | 3000/- സ്പോൺസർഷിപ്പ് | |

പ്രവർത്തനം 52

പേര് : ഒരുവട്ടം കൂടി

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറ പ്പാക്കൽ | വിവിധ ബാച്ചു കളിലായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ | വർഷത്തിൽ ഒന്നു വീതം | പിടിഎ | 5000/- എസ് എസ് ജി |

പ്രവർത്തനം 53

പേര് : കൈത്താങ്ങ്

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിന്നശേഷി ക്കാർക്ക് പ്രത്യേക പരിഗ ണന ഉറപ്പാക്കു ന്നതിന് | പ്രത്യേക പ്രവർത്തനങ്ങൾ തയ്യാറാക്കി നൽകുന്നു. ചിത്ര രചന, കംബ്യൂട്ടർ എന്നിവ പ്രയോജ നപ്പെടുത്തുന്നു. | ഒരു വർഷ കാലം മുഴുവൻ | ക്ലാസ് ടിച്ചർക്ക് | |